ഗൾഫിൽ മരണമടഞ്ഞ പ്രവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം

60 (7357) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗൾഫിൽ ജോലിയിലിരിക്കെ മരണമടഞ്ഞ പ്രവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനകം എത്രപേർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഗൾഫിൽ ജോലിയിലിരിക്കെ മരണമടഞ്ഞ പ്രവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം അനുവദിക്കുന്ന പദ്ധതികളൊന്നും നോർക്ക വകുപ്പ് ആവിഷ്ക്കരിച്ചിട്ടില്ല.

നഗരജ്യോതി പദ്ധതി

61 (7358) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ നഗരജ്യോതി പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഇതിന്റെ പൈലറ്റ് പ്രോജക്ട് സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) എല്ലാ നഗരങ്ങളിലേക്കും ഇത് വ്യാപിപ്പിക്കാൻ നടപടി എടുക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് നഗരങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിന് 'നഗരജ്യോതി' എന്ന പേരിൽ ഒരു പദ്ധതിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഗരങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന തെരുവ് വിളക്കുകൾ ഊർജ്ജക്ഷമതയും കാര്യക്ഷമതയും കുറഞ്ഞതും പരിപാലന ചെലവ് കൂടിയതുമായതിനാൽ ഇതിന് പകരം എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ച് ഊർജ്ജക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനാണ് 'നഗരജ്യോതി' പദ്ധതി ലക്ഷ്യമിടുന്നത്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും രൂപപ്പെടുത്തുന്നതിനും പ്രോജക്ട് റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനുമായി രൂപീകരിച്ച, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി 30-6-2014-ൽ യോഗം ചേർന്ന് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിച്ചുവരുന്ന എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (EESL) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

(സി) 'നഗരജ്യോതി' പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്കല്ലെങ്കിലും തെരുവ് വിളക്കുകൾ എൽ.ഇ.ഡി. വിളക്കുകളായി മാറ്റിസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഒരു പ്രോജക്ട് പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നടപ്പാക്കിവരുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ നഗരസഭകളിലെയും തെരുവ് വിളക്കുകൾ എൽ.ഇ.ഡി. വിളക്കുകളായി മാറ്റാനാണ് 'നഗരജ്യോതി' പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.

നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ

62 (7359) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly